**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2182** **30-09-2025 - ൽ മറുപടിയ്ക്ക്**

**കേരള അർബൻ കോൺക്ലേവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംഘടിപ്പിച്ച കേരള അർബൻ കോൺക്ലേവ് 2025 -ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | **കേരള അർബൻ കോൺക്ലേവിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ:-**<br><br>1. ദീർഘകാല നഗരനയം തയ്യാറാക്കൽ : കോൺക്ലേവിലെ നിർദ്ദേശങ്ങളെയും കേരള നഗരനയ കമ്മീഷൻ റിപ്പോർട്ടിനെയും അടിസ്ഥാനമാക്കി കേരളത്തിനായി ഒരു സമഗ്ര നഗരനയം രൂപപ്പെടുത്തുക.<br><br>2. സുസ്ഥിരവും സമഗ്രവുമായ വളർച്ച പ്രോത്സാഹിപ്പിക്കുക : ആഗോളതലത്തിലെ മികച്ച രീതികളും കേരളത്തിന്റെ അതുല്യമായ വികസന പാതയും ഉപയോഗപ്പെടുത്തിക്കൊണ്ട് കാലാവസ്ഥാ പ്രതിരോധശേഷി, തുല്യത ഉൾചേർക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന സന്തുലിത നഗരവികസനത്തിനുള്ള ശിപാർശകൾ മുന്നോട്ട് വയ്ക്കുക.<br><br>3. ആഗോള പങ്കാളിത്തങ്ങളും വിജ്ഞാന വിനിമയവും വളർത്തുക : കേരളത്തിന്റെ നയപരമായ നവീകരണങ്ങൾ ഉയർത്തിക്കാട്ടുന്നതിന് അന്താരാഷ്ട്ര, ദേശീയ സ്ഥാപനങ്ങൾ, പങ്കാളികൾ, വിദഗ്ധർ എന്നിവരുമായി സഹകരണം ശക്തിപ്പെടുത്തുക, തുടർച്ചയായ അറിവ് പങ്കിടൽ, പരിശീലനം, ശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്കുള്ള വേദികൾ സൃഷ്ടിക്കുക.<br><br>**നടപടികൾ:-**<br><br>നഗര ഗ്രാമ വ്യത്യാസം കുറഞ്ഞുവരുന്ന കേരളത്തിന്റെ തനത് സ്വഭാവം ഉൾക്കൊണ്ട് കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രശ്നങ്ങൾ തീഷ്ണമായി അനുഭവിക്കുന്ന പ്രദേശം എന്നത് കണക്കിലെടുത്ത് കേരളത്തിന്റെ സങ്കീർണമായ നഗരവൽക്കരണത്തെ മനസ്സിലാക്കുന്നതിനും സംസ്ഥാനത്തിന്റെ വികസന |

കാഴ്ചപാടിന് അനുസൃതമായി ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് അടുത്ത 25 വർഷത്തെ വികസന പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി സമഗ്ര നഗരനയം രൂപീകരിക്കുന്നതിനായാണ് ഇന്ത്യയിൽ ആദ്യമായി സർക്കാർ കേരള നഗരനയ കമ്മീഷൻ രൂപീകരിച്ചത്. കേരള നഗരനയ കമ്മീഷൻ 2024 ഡിസംബറിൽ ഇടക്കാല റിപ്പോർട്ടും 2025 മാർച്ച് 30ന് അന്തിമ റിപ്പോർട്ടും സമർപ്പിച്ചു. കേരള നഗരനയ കമ്മീഷൻ പത്ത് വിഷയ മേഖലകളിൽ പ്രവർത്തനം നടത്തി, ദേശീയ – അന്തർദേശീയ സ്ഥാപനങ്ങളുമായി ചേർന്ന് 33 ലഘു പഠനങ്ങളും 50-ലധികം സ്റ്റേക്ക് ഹോൾഡർ ചർച്ചകളും സംഘടിപ്പിച്ചു. ജനപ്രതിനിധികൾ, മുനിസിപ്പൽ ഉദ്യോഗസ്ഥർ, സ്ത്രീകൾ, കുട്ടികൾ, യുവാക്കൾ, സ്വകാര്യ-പൊതു മേഖലാ ഏജൻസികൾ, പ്രവർത്തക സംഘങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി, മൊത്തത്തിൽ 4000-ത്തിലധികം പേർ പങ്കാളികളായി. ഇവിടങ്ങളിൽ നിന്നുയർന്ന ആശയങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കൊണ്ടാണ് കേരള നഗരനയ കമ്മീഷൻ, റിപ്പോർട്ട് അന്തിമമാക്കിയത്. ഈ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി 2025 സെപ്റ്റംബർ മാസം 12,13 തീയതികളിലായി കൊച്ചിയിൽ വച്ച് സംഘടിപ്പിച്ച “ കേരള അർബൻ കോൺക്ലേവ് 2025 ” ൽ 12 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെട്ട 34 സെക്ഷനുകളിലായി 295 പ്രഭാഷകർ പങ്കെടുക്കുകയും ചെയ്തു. കേരള അർബൻ കോൺക്ലേവിൽ മൂന്ന് ഹൈലെവൽ പൊളിറ്റിക്കൽ ഫോറങ്ങളും, അഞ്ച് പ്ലീനറി സെക്ഷനുകളും, പത്ത് പോളിസി സെക്ഷനുകളും, രണ്ട് ഫോക്കസ് സെക്ഷൻ ചർച്ചകളും, മൂന്ന് ഫയർ സൈഡ് ചാറ്റും, പതിനൊന്ന് റൗണ്ട് ടേബിൾ സെക്ഷനുകളും നടന്നു. സമഗ്രമായ സംവാദങ്ങൾക്കും ആശയവിനിമയങ്ങൾക്കും അടിസ്ഥാനമായി ഏകദേശം 300 പ്രായോഗിക നിർദ്ദേശങ്ങൾ രൂപപ്പെട്ടു.

കേരള നഗരനയ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ഇടക്കാല -ദീർഘകാല ശിപാർശകൾ കോൺക്ലേവിൽ പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സമന്വയിപ്പിച്ച്, പ്രാദേശിക സാമ്പത്തിക വികസനം, നവീനമായ നഗര ധനാഗമ മാർഗ്ഗങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ഉൾച്ചേർന്നതും ശാസ്ത്രീയവുമായ നഗരാസൂത്രണം ഗവൺമെന്റ് ഡാറ്റാധിഷ്ഠിതവും പ്രൊഫഷണൽ സ്വഭാവമുള്ള

| | | | |
|---|---|---|---|
| | | | നഗരഭരണം, പുതിയ നഗരഭരണ പങ്കാളിത്ത മാതൃകകൾ തുടങ്ങി വിവിധ വിഷയ മേഖലകൾക്ക് ഊന്നൽ നൽകി കൊണ്ട് ദീർഘകാല ഹ്രസ്വകാല അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതുമായ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ, സമീപനങ്ങൾ, നിയമപരമായ പരിഷ്കാരങ്ങൾ ഏതൊക്കെ എന്ന് കണ്ടെത്തി അപ്രകാരം നയപരമായ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഒരു നഗരനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി കേന്ദ്രസർക്കാരുമായി എന്തെങ്കിലും ധാരണയിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ കേന്ദ്രം നിലപാട് അറിയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | അർബൻ കോൺക്ലേവിന്റെ നയ പങ്കാളികളായി നീതി ആയോഗ്, കപ്പാസിറ്റി ബിൽഡിംഗ് കമ്മീഷൻ, എൻ.ഐ.യു.എ എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചു. അതുകൂടാതെ അക്കാദമിക് പങ്കാളികളായി എസ്.പി.എ. ഭോപാൽ, എസ്.പി.എ ഡൽഹി, എസ്.പി.എ വിജയവാഡ, സി.ഇ.പി.ടി യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളും സഹകരിച്ചിട്ടുണ്ട്. കോൺക്ലേവിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ നടപ്പാക്കുന്നതിനും പ്രോജക്ട് ഏറ്റെടുക്കുന്നതിനുമായി നിലവിൽ കേന്ദ്ര സർക്കാരുമായി ധാരണയിൽ ഏർപ്പെട്ടിട്ടില്ല. |
| (സി) | അർബൻ കോൺക്ലേവിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നായ അതി ദാരിദ്ര്യനിർമ്മാർജ്ജനം നടപ്പിലാക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ; നിലവിൽ സംസ്ഥാനത്ത് അതി ദാരിദ്ര്യ മേഖലയിൽ ഉള്ള കുടുംബങ്ങളുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | അതിദാരിദ്ര്യ നിർമ്മാർജ്ജനം കേരള നഗര കോൺക്ലേവിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായി പറയാനാവില്ലെങ്കിലും സംസ്ഥാനസർക്കാർ കഴിഞ്ഞ കുറേ നാളുകളായി സഗൗരവം പരിഗണിക്കുന്ന ഒരു വിഷയമാണത്. 2021ൽ സംസ്ഥാന സർക്കാർ രൂപം നൽകിയ അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി 64006 അതിദരിദ്ര കുടുംബങ്ങളെയാണ് സമഗ്രമായതും ജനകീയ പങ്കാളിത്തത്തോടു കൂടിയതുമായ തിരഞ്ഞെടുക്കൽ പ്രക്രിയയിലൂടെ കണ്ടെത്തിയത്. പ്രസ്തുത കുടുംബങ്ങളിൽ 12006 കുടുംബങ്ങൾ അധിവസിക്കുന്നത് കേരളത്തിലെ നഗരസഭകളിലാണ്. പ്രസ്തുത കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് പുറത്തു കൊണ്ടുവരുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നവകേരള നഗരനയ കമ്മീഷൻ റിപ്പോർട്ടിൽ നഗരത്തിലെ ദരിദ്രർ (Urban Poor), മുഖ്യധാരയിൽ നിന്ന് പാർശ്വവത്ക്കരിക്കപ്പെടുന്ന വിഭാഗങ്ങൾ, തെരുവു കച്ചവടക്കാർ എന്നിങ്ങനെയുള്ളവരെ കൂടി പരിഗണിച്ച് അതിദാരിദ്ര്യമുക്ത കേരളമെന്ന സംസ്ഥാനത്തിന്റെ താത്പര്യങ്ങളെ മുൻനിർത്തിയുള്ള ഒരു നഗരനയം രൂപീകരിക്കുന്നതിനു നിർദ്ദേശിച്ചിട്ടുണ്ട്. അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും |

| | | | |
|---|---|---|---|
| | | | നഗരഭരണത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സാധിക്കുന്ന രീതിയിലുള്ള വാർഡ് കമ്മിറ്റികളുടെ പുനസംഘടനവും അവരെ ഉൾചേർത്തു കൊണ്ടുള്ള പൗരസഭകളും തൊഴിലാളി സഭകളും രൂപീകരിക്കുന്നതിനും നിർദ്ദേശങ്ങളുണ്ട്. അതിദാരിദ്ര്യ നിർമ്മാർജന പ്രവർത്തനങ്ങളിൽ ഉണ്ടായേക്കാവുന്ന വിടവുകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും ഇത്തരം നവീനാശയങ്ങൾ സഹായിക്കും. അതേ പോലെ തന്നെ കുടുംബശ്രീ സംവിധാനത്തെയും തെരുവുകച്ചവടക്കാരുടേയും ജീവിത സാഹചര്യങ്ങളും വിപണന സാഹചര്യങ്ങളും മെച്ചപ്പെടുത്തി കൊണ്ട് പ്രാദേശിക സാമ്പത്തിക വികസനത്തിനും അതുവഴിയുള്ള ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്വീകരിക്കേണ്ടുന്ന തന്ത്രങ്ങളെന്തെന്നും വിശദമായ നിർദ്ദേശങ്ങളും ചർച്ചകളും കേരള അർബൻ കോൺക്ലേവിൽ നടന്നിരുന്നു. |
| (ഡി) | സംസ്ഥാനം പൂർണമായും നഗരവൽക്കരിക്കപ്പെടുമ്പോൾ ഗ്രാമീണ മേഖലയ്ക്ക് നൽകിവരുന്ന കേന്ദ്രസഹായം നഷ്ടപ്പെടുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | കേരള നഗരനയ കമ്മീഷന്റെ കണക്കുകൾ പ്രകാരം , 2051 -ഓടെ കേരളത്തിലെ ജനസംഖ്യയുടെ 81% നഗരമേഖലകളിലും 19% ഗ്രാമീണ മേഖലകളിലും താമസിക്കുമെന്ന് പ്രവചിക്കുന്നു. സംസ്ഥാനത്തെ ഭാവിയിലെ ജനവാസവും സാമ്പത്തിക പ്രവർത്തനങ്ങളും പ്രധാനമായും 19 നഗര സഞ്ചയങ്ങളിലായി (Urban Agglomerations) കേന്ദ്രീകരിക്കും. അതേസമയം, ഗ്രാമീണ മേഖലയിലെ സാമ്പത്തിക പ്രവർത്തനങ്ങൾ തുടർന്നും സജീവമായി നിലനിൽക്കും, അതിലൂടെ ഗ്രാമങ്ങൾക്ക് നൽകുന്ന കേന്ദ്രസഹായം നഷ്ടപ്പെടാതെ തുടരും. ഈ പ്രവണതകൾ കേരളത്തിന്റെ ഭാവി നഗര-ഗ്രാമ വികസന നയത്തിൽ പ്രധാനപ്പെട്ടവയാണ്. ഇത്തരം സാഹചര്യത്തിൽ, ഗ്രാമീണ മേഖലയ്ക്ക് നൽകുന്ന കേന്ദ്രസഹായം നഷ്ടപ്പെടാനുള്ള സാഹചര്യം ഇല്ല. കേരള നഗരനയ കമ്മീഷൻ റിപ്പോർട്ടിലെ ഇതു സംബന്ധിച്ച പ്രധാന നിർദ്ദേശങ്ങൾ :-<br><br>(1) നഗര തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത വർധിപ്പിക്കാൻ അവരുടെ സ്വന്തം വിഭവസാധ്യതകൾ വിപുലപ്പെടുത്തുന്നതിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.<br><br>(2) മുൻനിര നഗരങ്ങൾ (തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്) നേരിട്ട് ബോണ്ടുകൾ പുറത്തിറക്കി ഫണ്ട് സമാഹരിക്കാം.<br><br>(3) മറ്റ് നഗരങ്ങൾക്ക് കിഫ്ബി പോലുള്ള സംവിധാനം വഴി പൂൾഡ് ബോണ്ടുകൾ പ്രയോജനപ്പെടുത്താൻ സാധിക്കും. |

| | | | |
|---|---|---|---|
| | | | (4) കേരള മുനിസിപ്പാലിറ്റി അക്കൗണ്ടുകൾ കാലോചിതമായി പരിഷ്കരിക്കുക.<br><br>(5) പ്രൊപ്പെർട്ടി ടാക്സ് നിയമങ്ങൾ നവീകരിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ വരുമാന ശേഷി ശക്തിപ്പെടുത്തുന്നത് അനിവാര്യമാണ്. |

സെക്ഷൻ ഓഫീസർ